**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 119** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള യാത്രയുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | നവകേരള യാത്രയുമായി ബന്ധപ്പെട്ട പ്രതിപക്ഷ പ്രതിഷേധങ്ങളെ തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; | (എ) | നവകേരള യാത്രയുമായി ബന്ധപ്പെട്ട് ജനാധിപത്യപരമായി പ്രതിഷേധിച്ചതിന്റെ പേരിൽ ആർക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | പ്രസ്തുത കേസുകളിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | **നവകേരള സദസ്സിനായി മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും സഞ്ചരിച്ചിരുന്ന ബസ്സിന് നേരെ ആക്രമണ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം നവകേരള സദസ്സിന്റെ സുഗമമായ നടത്തിപ്പ് തടസ്സപ്പെടുത്തണമെന്ന ഉദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങളും പ്രതിപക്ഷ സംഘടനാപ്രവർത്തകരിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങളിൽ സംസ്ഥാനത്ത് വിവിധ പോലീസ് സ്റ്റേഷനുകളിലായി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം 349 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിലായി 1491 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി.** |
| (സി) | പ്രതിഷേധക്കാർക്കെതിരെയുണ്ടായ ഭരണപക്ഷ വിദ്യാർത്ഥി, യുവജന സംഘടനകളുടെ അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | **നവകേരള സദസ്സിന്റെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കണം എന്ന ഉദ്ദേശത്തോടും കരുതലോടും കൂടി പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകർ നടത്തിയ പ്രതിഷേധ സമരങ്ങൾ വിവിധ ജില്ലകളിൽ അക്രമാസക്തമാകുകയും പരിപാടി കാണുവാനും പരിപാടിയിൽ പങ്കെടുക്കുവാനും എത്തിയ നാട്ടുകാരുമായും ഭരണപക്ഷ അനുകൂല പ്രവർത്തകരുമായും മറ്റും സംഘർഷം ഉണ്ടാകുകയും ചെയ്തതിനെ തുടർന്ന് ഇരു വിഭാഗത്തിനെതിരെയും നിയമ നടപടികൾ സ്വീകരികരിച്ചിട്ടുള്ളതാകുന്നു. ഇതിൽ ഭരണപക്ഷ യുവജന സംഘടനാ പ്രവർത്തകരായ 209 പേർക്കെതിരെയും 26 കേസുകൾ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസുകളിൽ പ്രതി പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.** |

| ജില്ല | കേസുകളുടെ എണ്ണം | പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം റൂറൽ | 4 | 68 |
| കൊല്ലം സിറ്റി | 1 | 5 |
| ആലപ്പുഴ | 4 | 25 |

| | | |
|---|---|---|
| എറണാകുളം സിറ്റി | 2 | 8 |
| എറണാകുളം റൂറൽ | 10 | 71 |
| കോഴിക്കോട് സിറ്റി | 2 | 10 |
| കോഴിക്കോട് റൂറൽ | 1 | 2 |
| കണ്ണൂർ റൂറൽ | 2 | 20 |
| ആകെ | 26 | 209 |

(ഡി) പ്രസ്തുത കേസുകളിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) **നവകേരള സദസ്സിന്റെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കണം എന്ന ഉദ്ദേശത്തോടും കരുതലോടും കൂടി പ്രതിപക്ഷ യുവജന സംഘടനാ പ്രവർത്തകർ നടത്തിയ പ്രതിഷേധ സമരങ്ങൾ വിവിധ ജില്ലകളിൽ അക്രമാസക്തമാകുകയും പരിപാടി കാണുവാനും പരിപാടിയിൽ പങ്കെടുക്കുവാനും എത്തിയ നാട്ടുകാരുമായും ഭരണപക്ഷ അനുകൂല പ്രവർത്തകരുമായും മറ്റും സംഘർഷം ഉണ്ടാകുകയും ചെയ്തതിനെ തുടർന്ന് ഇരു വിഭാഗത്തിനെതിരെയും നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാകുന്നു. ഇതിൽ ഭരണപക്ഷ യുവജന സംഘടനാ പ്രവർത്തകരായ 209 പേർക്കെതിരെയും 26 കേസുകൾ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസുകളിൽ പ്രതി പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.**

| ജില്ല | കേസുകളുടെ എണ്ണം | പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം റൂറൽ | 4 | 68 |
| കൊല്ലം സിറ്റി | 1 | 5 |
| ആലപ്പുഴ | 4 | 25 |
| എറണാകുളം സിറ്റി | 2 | 8 |
| എറണാകുളം റൂറൽ | 10 | 71 |
| കോഴിക്കോട് സിറ്റി | 2 | 10 |
| കോഴിക്കോട് റൂറൽ | 1 | 2 |
| കണ്ണൂർ റൂറൽ | 2 | 20 |
| ആകെ | 26 | 209 |

(ഇ) നവകേരള യാത്രയുമായി ബന്ധപ്പെട്ട പ്രതിഷേധ പരിപാടിയിൽ

(ഇ) ബഹു. മുഖ്യമന്ത്രിയുടെ സുരക്ഷാ ജീവനക്കാർക്കെതിരെ ബഹു.കോടതി നിർദ്ദേശ പ്രകാരം ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം.നം.

| | | | |
|---|---|---|---|
| | പങ്കെടുത്തവരെ അക്രമിച്ച മുഖ്യമന്ത്രിയുടെ സുരക്ഷാ ജീവനക്കാർക്കെതിരെ കേസെടുക്കാനുള്ള ബഹു. കോടതിയുടെ നിർദേശ പ്രകാരമെടുത്ത കേസിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | | 1574/2023 U/s 294 (b), 324, 325 IPC പ്രകാരം ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണം തുടർന്ന് വരുന്നു. |
| (എഫ്) | പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിരിക്കുന്നത്; കേസ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എഫ്) | ബഹു. മുഖ്യമന്ത്രിയുടെ സുരക്ഷാ ജീവനക്കാർക്കെതിരെ ബഹു.കോടതി നിർദ്ദേശ പ്രകാരം ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം.നം. 1574/2023 U/s 294 (b), 324, 325 IPC പ്രകാരം ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണം തുടർന്ന് വരുന്നു. |

സെക്ഷൻ ഓഫീസർ